**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 20/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ കാവൽപിതാവും മലങ്കര സഭയുടെ സ്ഥാപകനുമായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹാ നമ്മുടെ നാട്ടിൽ ആദ്യമായി വന്നിറങ്ങിയ കൊടുങ്ങല്ലൂരിൽ സഭയുടേതായി ഉചിതമായ ഒരു സ്ഥാപനവും സ്മാരകവും സ്ഥാപിക്കണമെന്ന് നാം ദീർഘനാളായി ആഗ്രഹിക്കുകയും അതിന് ആവശ്യമായ സ്ഥലം കരസ്ഥമാക്കുന്നതിനുള്ള ശ്രമം തുടരുകയും ചെയ്തിരുന്നുവല്ലോ. മുത്തൂറ്റ് ശ്രീ. എം. ജി. ജോർജ്ജ് അത്മായ ട്രസ്റ്റിയായി സേവനം അനുഷ്ഠിച്ചിരുന്ന കാലത്ത് അദ്ദേഹം ഇതിനായി പ്രത്യേക താത്പര്യമെടുക്കുകയും കൊടുങ്ങല്ലൂരിൽ പെരിയാറിന്റെ സമീപം 23.88 ആർ സ്ഥലം അതിനായി സ്വന്തം പേരിൽ വാങ്ങിക്കുകയും ചെയ്തിരുന്നു. സഭ ആവശ്യപ്പെടുമ്പോൾ അത് സഭയ്ക്കായി നൽകാമെന്നും അന്നുതന്നെ അദ്ദേഹം അറിയിച്ചിരുന്നു. അതനുസരിച്ച് പ്രസ്തുത സ്ഥലം കഴിഞ്ഞ മാസം സൗജന്യമായി സഭയ്ക്ക് നൽകിയിട്ടുണ്ട്. അദ്ദേഹത്തോടും കുടുംബത്തോടുമുള്ള സഭയുടെ നന്ദി അറിയിക്കുന്നു. 2025 ഫെബ്രുവരി 6 വ്യാഴാഴ്ച രാവിലെ 11 മണിക്ക് പ്രസ്തുത സ്ഥലത്ത് ഉചിതമായ ഒരു സ്മാരകമന്ദിരം നിർമ്മിക്കുന്നതിനായി ശിലാ സ്ഥാപനം നടത്തുവാൻ നാം ആഗ്രഹിക്കുന്നു. പണിയുന്ന മന്ദിരത്തിൽ, ഈ ആവശ്യത്തിനായി സൗജന്യമായി സ്ഥലം നൽകിയ ശ്രീ. എം. ജി. ജോർജ്ജിനെക്കൂടി എന്നും സ്മരിക്കത്തക്കവിധം ഉചിതമായി ഒരു ഭാഗം വേർതിരിക്കുന്നതായിരിക്കും.

കർത്താവിൽ പ്രിയരെ, നമ്മുടെ സഭാവിശ്വാസികൾ കൂടുതലായി പാർക്കുന്ന കേരളത്തിലെ പ്രധാന നഗരങ്ങളിലെല്ലാം പബ്ലിക് റിലേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന ആശയം കുറേ നാളായി സമിതികളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ടല്ലോ. തിരുവനന്തപുരത്ത് ഒരു സ്ഥാപനത്തിന് നാം ശിലാസ്ഥാപനം നിർവ്വഹിച്ചുകഴിഞ്ഞു. കേരളത്തിന്റെ വാണിജ്യതലസ്ഥാനമെന്ന് കണക്കാക്കപ്പെടുന്ന എറണാകുളത്ത് ഒരു പി. ആർ. സെന്റർ ആരംഭിക്കുന്നതിന് തത്കാലം ഉചിതമായൊരു കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുണ്ട്. അതിന്റെ കൂദാശയും ഉദ്ഘാടനവും ഫെബ്രുവരി മാസം 6-ാം തീയതി വ്യാഴാഴ്ച തന്നെ ഉച്ചകഴിഞ്ഞ് 3 മണിക്ക് നിർവ്വഹിക്കുവാൻ നാം ആഗ്രഹിക്കുന്നു.

സഭയുടെ ദീർഘകാല സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്ന അവസരത്തിൽ കഴിവുള്ളിടത്തോളം വൈദികസ്ഥാനികളും ജനങ്ങളും ശിലാ സ്ഥാപന കർമ്മത്തിലും കൂദാശയിലും വന്ന് സംബന്ധിക്കുവാൻ നാം പ്രത്യേകം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2025 ജനുവരി മാസം 21-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും **ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**